# ആനപ്രമ്പാൽ സൗത്ത് യു. പി. സ്ക്കൂൾ

## പഠനമാവട്ടെ
## ലഹരി......

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26

തലവടി ഉപജില്ല

ആലപ്പുഴ ജില്ല

| | |
|---|---|
| സ്ക്കൂളിന്റെ പേര് | : ആനപ്രമ്പാൽ സൗത്ത് യു. പി. സ്ക്കൂൾ |
| ഉപജില്ല | : തലവടി |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട് |
| താലൂക്ക് | : കുട്ടനാട് |
| ജില്ല | : ആലപ്പുഴ |
| സ്ഥാപിച്ച വർഷം | : 1940 |

# വിദ്യാലയ വികസന രേഖ

## ആമുഖം

പുണ്യഭൂമിയായ എടത്വായുടെ മൂന്നു കിലോമീറ്റർ ഉള്ളിലായി, സാമ്പത്തികമായും സാമൂഹ്യമായും ശാസ്ത്രപരമായും പിന്നോക്കാവസ്ഥയിലായിരുന്ന ആനപ്രമ്പാൽ തെക്ക് പ്രദേശത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി 1948 ൽ മുണ്ടകത്തിൽ ശ്രീ. വർഗ്ഗീസ് കത്തനാർ ആരംഭിച്ച സ്കൂളാണിത്. ഗതാഗത സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് യു. പി. സ്ക്കൂൾ മാത്രമായിരുന്നെങ്കിലും ധാരാളം കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു. ജാതിമതഭേദമെന്യേ പാണ്ടങ്കരി, നിരണം, ആനപ്രമ്പാൽ തെക്ക്, കുന്തിരിക്കൽ, ചൂട്ടുമാലി തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികൾ പഠിച്ച് ഉയർന്ന നിലയിൽ പ്രശോഭിക്കുവാൻ ഈ സ്കൂൾ സഹായിച്ചു. 1975 ഈ സ്കൂൾ പാണ്ടങ്കരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഏറ്റെടുത്തു. ഈ പ്രദേശത്തെ സാംസ്കാരിക ഉന്നമനത്തിന് ഈ കലാലയം വലിയ പങ്ക്വഹിച്ചിട്ടുണ്ട്. പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ കലാകായിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഈ സരസ്വതിക്ഷേത്രം മുഖാന്തിരമായിട്ടുണ്ട്.

പഠനപ്രവർത്തനങ്ങിലും, പാഠ്യേതര പ്രവർത്തനങ്ങളിലും മികവു പുലർത്തുവാൻ അദ്ധ്യാപകർ ശ്രമിക്കുന്നു. പി.റ്റി.എ.യുടെയും സ്കൂൾ മാനേജ്മെന്റിന്റെയും സഹകരണത്തോടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നു. വിവിധ മതസ്ഥരായ ആളുകൾ സാഹോദര്യത്തോടെ വർത്തിക്കുവാൻ ഈ സ്കൂൾ പ്രചോദനമാകുന്നു

## വിദ്യാലയ ചരിത്രം

ആനപ്രമ്പാൽ സൗത്ത് മിഡിൽ സ്കൂൾ 1940 ജൂൺ 1 ന് ആനപ്രമ്പാൽ സൗത്ത് സെന്റ് ജോർജ്ജ് കെട്ടിടത്തിൽ ബഹു. M. C.ഗീവർഗീസച്ചന്റെ മാനേജുമെന്റിൽ ആരംഭിച്ചു. ശ്രീ. P. M മാത്യു പഴവുമാലിൽ, ശ്രീ. P. K. കുര്യൻ പോത്തച്ചേരിൽ എന്നിവർ അദ്ധ്യാപകരായിരുന്നു. ആറുമാസത്തിനുശേഷം മുണ്ടകത്തിൽ തോട്ടക്കാട്ടു പുരയിടത്തിൽ പുതിയ സ്ക്കൂൾ കെട്ടിടം നിർമ്മിക്കുകയും അവിടേയ്ക്കു പ്രവർത്തനം മാറ്റുകയും ചെയ്തു അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡോ.M. C. മിച്ചൽ സ്കൂൾ ഒരു പൂർണ്ണ മിഡിൽ സ്കൂൾ ആക്കുവാൻ അനുവാദം നൽകി.1948 ൽ ആനപ്രമ്പാൽ സൗത്ത് യു.പി. സ്കൂൾ എന്നറിയപ്പെടുന്ന ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആയി. മുണ്ടകത്തിൽ ശ്രീ. M. P ജോർജ്ജ്, ആമ്പക്കാട്ട്ചിറയിൽ K. O ജോർജ്ജ്, തട്ടാരുപറമ്പിൽ ശ്രീമതി T. C. മറിയാമ്മ, മുണ്ടകത്തിൽ ശ്രീ.M. P .മാമ്മൻ എന്നീ പ്രഗത്ഭരായ അദ്ധ്യാപകരുടെയും കണിച്ചേരിൽ ശ്രീ. K. M.കോരുത് എന്ന അദ്ധ്യാപകേതര ജീവനക്കാരന്റെയും നേതൃത്വത്തിൽ മൂന്നു ക്ലാസുകളിലായി ആറ് ഡിവിഷൻ കുട്ടികളുമായി സ്ക്കൂളിന്റെ യശസ്സ് വർദ്ധിച്ചു. അന്ന് ഗവൺന്റെിൽനിന്നു കിട്ടുന്ന ഗ്രാന്റും കുട്ടികളിൽനിന്നു പിരിക്കുന്ന ഫീസും മാത്രമായിരുന്നു വരുമാനം. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്ന സ്കൂളിന്റെ വളർച്ചക്കായി അദ്ധ്യാപകർ വളരെ സഹകരണമനോഭാവത്തോടെ പ്രവർത്തിച്ചു. പിന്നീട് പനമ്പള്ളി സ്കീം അനുസരിച്ച് സ്കൂളിനെ ഒരു പ്രൈവറ്റ്

എയ്ഡഡ് ആക്കി ഉയർത്തി. ശ്രീ. റ്റി. ജെ. ബേബി തേരേട്, ശ്രീമതി പി. സി. അമ്മിണി പുലിമുഖത്ത് എന്നിവർ ഹെഡ്മാസ്റ്റർമാരായി പ്രവർത്തിച്ചിട്ടുണ്ട്.

1967 ഏപ്രിൽ 27-ാം തീയതി പാണ്ടങ്കരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിക്ക് സ്കൂളിന്റെ ഉടമസ്ഥാവകാശം കൈമാറി. ഹെഡ്മിസ്ട്രസ് മുണ്ടകത്തിൽ മുകളോടിൽ ശ്രീമതി പി.സി. ശോശാമ്മയുടെ നേതൃത്വത്തിൽ അദ്ധ്യാപകരായ ശ്രീമതി വി. ജെ. തങ്കമ്മ, ഡ്രോയിംഗ് മാസ്റ്റർ ശ്രീ. ജി. എൻ. ചെറുതന, ശ്രീ. ഗംഗാധരക്കുറുപ്പ് എന്നിവരുടെ പ്രവർത്തനം സ്ക്കൂളിന് ഉണർവേകി. തുടർന്ന് ശ്രീമതി ഫാൻസി മാത്യു ഹെസ്മിസ്ട്രായും ശ്രീമതി ശാന്തമ്മ വർഗീസ്, ശ്രീമതി ലേഖാ ജോർജ്ജ്, ശ്രീമതി സരസ്വതി അന്തർ ജനം, ശ്രീ. പി. ബേബി എന്നിവർ അദ്ധ്യാപകരായും ശ്രീ.കെ. കെ. എബ്രഹാം അനദ്ധ്യാപകനായും പ്രവർത്തിച്ചു. ഏറെകാലം നീണ്ടുനിന്ന ഇവരുടെ സേവനകാലത്ത് സ്കൂൾ മികവിന്റെ പാതയിൽ ഉന്നതി നേടി. സ്കൂൾ ബാൻഡ് സെറ്റിന്റെ ആരംഭം ഈ കാലഘട്ടത്തിലാണ്.

കലാ കായിക രംഗങ്ങളിൽ നമ്മുടെ സ്കൂൾ എന്നും മുൻപന്തിയിലായിരുന്നു. രാജഭരണകാലത്ത് ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവിന്റെ ജന്മദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചിരുന്നു. പകൽ സ്കൂൾ വാർഷികത്തിനുശേഷം രാത്രിയിൽ അദ്ധ്യാപകരും കുട്ടികളും നാട്ടുകാരും ചേർന്ന് നാടകം അവതരിപ്പിക്കുക പതിവായിരുന്നു. കായികരംഗത്ത് സ്കൂളിലെ വിദ്യാർത്ഥികൾ ഒന്നാം നിരയിലായി കുന്നു. ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന അവസരങ്ങളിൽ കുട്ടികൾക്കുള്ള ഭക്ഷണം വള്ളത്തിൽ കൊണ്ടുപോകാറുണ്ടായിരുന്നു.

ഈ കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ നാനാതുറകളിൽ പ്രശോഭിക്കുന്നു. ബിലിവേഴ്സ് ഇസ്റ്റേൺ ചർച്ച് മെത്രാപ്പോലീത്തായിരുന്ന ഡോ. കെ. പി. യോഹന്നാൻ, മലങ്കര ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസനാധിപൻ ദി. വ. ദി.ശ്രീ. മാത്യുസ് മാർ തേവോദിയോസ് മെത്രാപ്പോലീത്ത എന്നിവർ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു പുരോഹിതർ, സന്യസ്ഥർ, സുവിശേഷകർ, എഞ്ചിനീയറന്മാർ, ഡോക്ടറന്മാർ, പ്രഫസറന്മാർ, അദ്ധ്യാപകർ, ഗവൺമെന്റ് ജോലിക്കാർ, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ കർഷക പ്രമുഖർ എന്നിങ്ങനെ സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ള വലിയൊരു പൂർവ്വ വിദ്യാർത്ഥി സമ്പത്ത് ഈ വിദ്യാലയ മുത്തശ്ശിക്കുണ്ട്. ഹെഡ്മിസ്ട്രസ് ശ്രീമതി ലേഖാ ജോർജ്ജ്, അദ്ധ്യാപകരായ ശ്രീമതി അനു റോസ് ജോസഫ്, ശ്രീമതി സൗമ്യാ പ്രേംകുമാർ, ശ്രീ. ശരത് കെ. എസ്. അനദ്ധ്യാപകനായ ശ്രീ. ഷൈബിൻ ജോസഫ് എന്നിവരുടെ സേവനത്തിലൂടെ ശാസ്ത്രമേളകൾ, പ്രവൃത്തിപരിചയ മേളകൾ, കലോത്സവങ്ങൾ, കായികമേളകൾ, വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവയിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കുതിനും സമ്മാനങ്ങൾ കരസ്ഥമാക്കുന്നതിനും സാധിക്കുന്നു. ഹെഡ്മിസ്ട്രസ് ശ്രീമതി ലേഖാ ജോർജ്ജിന്റെ നേതൃത്വത്തിൽ സ്കൂൾ കൂടുതൽ ഉയരങ്ങളിലേക്ക് പ്രയാണം തുടരുന്നു.

❖❖❖

## ലക്ഷ്യങ്ങൾ

- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
- അക്കാദമിക മികവിന് ഉപകരിക്കുന്നവിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ഒരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവയുടെ സമയബന്ധിതമായ പൂർത്തീകരണവും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയരായ പൗരന്മാരായി വളർത്തുക.
- എല്ലാ കുട്ടികളും മലയാളം ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായസം കൈകാര്യം ചെയ്യുവാനുള്ള കഴിവ് ഉറപ്പുവരുത്തുക.

## കുട്ടികളുടെ എണ്ണം

**2024–25 അക്കാദമിക വർഷം**

| ക്ലാസ് | ആകെ | | SC | | OBC | | X'tian | | OEC | |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| V | 10 | 7 | 3 | 1 | 5 | 1 | 1 | 1 | 2 | 3 |
| VI | 10 | 6 | 3 | 2 | 3 | 1 | 4 | 2 | 0 | 0 |
| VII | 10 | 4 | 1 | 3 | 4 | 5 | 7 | 1 | 2 | 0 |

## നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താൽക്കാലിക അദ്ധ്യാപകർ |
|---|---|---|---|
| യു. പി. വിഭാഗം | 4 | 4 | 1 |

# പ്രശ്നങ്ങൾ - വെല്ലുവിളികൾ

## അക്കാദമികം

- ❖ 5 മുതൽ 7 വരെയുള്ള എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
- ❖ കലാ- കായിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻ കഴിയുന്നില്ല.
- ❖ കലാ- കായിക പ്രവർത്തിപരിചയ റിസോഴ്സ് അദ്ധ്യാപകരെ ലഭിക്കുന്നില്ല.
- ❖ പാഠ്യേതര വിഷയങ്ങളിൽ. പരിശീലനം നൽകുവാനുള്ള പരിമിതിയുണ്ട്.

## ഭൗതികം

- ❑ കമ്പ്യൂട്ടർ ലാബ് ഉണ്ടങ്കിലും സ്മാർട്ട് ക്ലാസ് റൂം ഇല്ല.
- ❑ ക്ലാസ് ലൈബ്രറി, സയൻസ് ലാബ്, എന്നിവയുടെ സൗകര്യങ്ങൾ പരിമിതമാണ്.
- ❑ ഭിന്നശേഷിക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരിക മാനസിക ഉണർവ്വിന് ആവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.
- ❑ പഴയ കെട്ടിടം പുതുക്കി പണിയുന്നു

## സാമൂഹികം

- ※ കലാ സാംസ്കാരിക പ്രവർത്തനങ്ങളെ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
- ※ പ്രാദേശികമായി ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

## <u>കാഴ്ചപ്പാട്</u>

പൂർവ്വ വിദ്യാർത്ഥി സംഘടനയുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ സ്കൂളിന്റെ കെട്ടിട പുനരുദ്ധാരണം, സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തൽ, വോളിബോൾ കോർട്ട് നിർമ്മാണം എന്നീ കാര്യങ്ങൾ ആഗ്രഹിക്കുന്നു. റെഡ്ക്രോസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റ് ആരംഭിക്കുക ബാൻഡ്സെറ്റ് ഇവക്കായി പരിശ്രമിക്കുന്നു. സ്കൂളിന് ഒരു വാഹനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനാൽ എം. എൽ. എ, എം. പി., പൂർവ്വ വിദ്യാർത്ഥി സംഘടന, മാനേജ്മെന്റ് നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഒരു വാഹനം വാങ്ങുവാനും അങ്ങനെ കുട്ടികളുടെ യാത്രാ പ്രശ്നം പരിഹൃതമാകുമെന്നും ശ്രമിക്കുന്നു. വിദ്യാലയത്തെ മികവുറ്റതാക്കാൻ ഭൗതികവും അക്കാദമികവും ആയിട്ടുള്ളവയുടെ പോരായ്മകൾ പരിഹരിച്ച് മുന്നേറുവാൻ ആവശ്യമായ സഹകരണങ്ങൾ സമൂഹത്തിന്റെ നാനാഭാഗത്തുനിന്നും ലഭിക്കേണ്ടതുണ്ട്. ഇതിനായി കൂട്ടായിചർച്ചചെയ്ത് മുന്നേറുക. പഠിതാക്കളെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് വിദ്യാലയത്തെപുരോഗതിയിലേക്ക് നയിക്കുന്ന പ്രക്രിയകൾ രൂപപ്പെടുത്തുക.സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആളുകളെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാഗക്കുകളാക്കി വിദ്യാലയത്തെ സഹവർത്തിത സ്ഥാപനമാക്കി മാറ്റുക. പഠിതാക്കളെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തീരിക്ഷം സൃഷ്ടിക്കൽ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കൾക്ക് പഠന പിന്തുണ, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പഠനം, കാമ്പസ് പാഠപുസ്തകമാക്കിയ പഠനരീതി എന്നിവയും ഈ സ്കൂളിന്റെ കാഴ്ചപ്പാടിൽ പെടുന്നു.

## <u>മികവിന്റെ പാത</u>

ഇപ്പോൾ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും ഭാഷയിൽ പ്രാവീണ്യം നേടിയവരാണ് സ്കൂൾതല പരീക്ഷകളിൽ മികച്ച വിജയം കുട്ടികൾ കൈവരിക്കുന്നു. കൂടാതെ പ്രവൃത്തി പരിചയമേള, കലോത്സവം, വിദ്യാരംഗം, കലാസാഹിത്യവേദി, ല്യൂ മാത്ത്സ്, ഊർജ്ജോത്സവം എന്നിങ്ങനെ വിവിധമത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തു.

മലയസള മനോരമ നല്ലപാഠം, മാതൃഭൂമി സീഡ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ സാധിക്കുന്നു. നല്ലപാഠം ക്ലബിന് തുടർച്ചയായി മൂന്നു വർഷം A ഗ്രേഡ് ലഭിക്കുന്നു. മാതൃഭൂമി സീഡിന്റെ ജെം ഓഫ് സീഡ് പുരസ്ക്കാരവും ഹരിത വിദ്യാലയ അവാർഡും നമ്മുടെ സ്കൂളിന് ലഭിച്ചു.

# നിലവിലത്തെ അവസ്ഥാവിശകലനം

## ഭൗതിക സാഹചര്യങ്ങൾ

വിദ്യാലയത്തിന് നാലു ക്ലാസുമുറികളുണ്ട്. പ്രഥമാദ്ധ്യാപികയ്ക്കുള്ള ഓഫീസ് മുറി, അദ്ധ്യാപകർക്കുള്ള സ്റ്റാഫ് റൂം, പാചകപ്പുര എന്നിവയുമുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപുരയും ടോയ്‌ലറ്റുമുണ്ട്. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രിന്റർ, ഇന്റർനെറ്റ്, ലാന്റ്ഫോൺ സൗകര്യങ്ങൾ ഉണ്ട്. ഐ.ടി ക്ലാസുകൾ നടത്തുന്നുണ്ട്. മികച്ച ലൈബ്രറി സൗകര്യം ഉണ്ട്. ആവശ്യത്തിനുള്ള കളി ഉപകരണങ്ങളുടെ അഭാവം പരിഹരിക്കേണ്ടതുണ്ട് .

## ഇപ്പോൾ നിലിവിലത്തെ അവസ്ഥ

സ്കൂൾ കോമ്പൗണ്ട് വളരെ താഴ്ന്നതായതിനാൽ മഴക്കാലത്ത് വെള്ളം നിറഞ്ഞ് മലിനപ്പെടുന്നു. സ്കൂൾ കെട്ടിടം പുനർനിർമ്മാണം നടക്കുന്നു. പുതിയ അദ്ധ്യയന വർഷം നവീകരിച്ച കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിക്കും. സൗകര്യപ്രദമായ രീതിയിൽ ഭക്ഷണം കഴിക്കാനുള്ള റൂം ഇല്ല. ആധുനിക സൗകര്യങ്ങളുള്ള ക്ലാസുമുറികളുടെ കുറവുണ്ട്

## സാമൂഹിക പങ്കാളിത്തം നിലവിലെ അവസ്ഥ

6 പി. റ്റി. എ.പ്രതിനിധികളും 6 എം. പി. റ്റി. എ. പ്രതിനിധികളും ഉൾപ്പെടുന്ന പി. റ്റി. എ. യും എം.പി. റ്റി. എ.യും പ്രവർത്തിച്ചുവരുന്നു.ശക്തമായ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സഹകരണത്തോടെ പ്രോജക്ടർ ക്ലാസ്റൂം നവീകരണം, പുതുതായി 100 കസേരകൾ, ക്ലാസ് റൂമുകൾ വേർതിരിക്കുന്നതിനുള്ള സ്ക്രീൻ എന്നീ കാര്യങ്ങൾ ചെയ്യുവാനായി. സ്കൂൾ കെട്ടിടം നവീകരിക്കുവാൻ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പങ്കാളിത്തം ലഭിച്ചു. കലാവാസനയുള്ള കുട്ടികൾക്ക് നൃത്തം അഭ്യസിക്കുവാനും പ്രവൃത്തിപരിചയമേള, യോഗാ ക്ലാസ്, ശാസ്ത്രമേള ഇവ സംഘടിപ്പിക്കുവാൻ സാമൂഹിക പിന്തുണ ലഭിച്ചു.

സ്കൂളിന്റെ വാർഷിക കെട്ടിടം നവീകരണം മാനേജമെന്റ് വർഷാവർഷം കൃത്യമായി നിർവഹിക്കുന്നുണ്ട്. മാനേജ്മെന്റും സാമൂഹിക സംഘടനകളും കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകിവരുന്നു.

☺

# പദ്ധതി രൂപീകരണ പ്രക്രിയ

## ഭൗതികം

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| **ആരോഗ്യം** | Zoomba dance<br>യോഗാ ക്ലാസ്<br>കായിക പരിശീലനം | ♦ ആരോഗ്യമുള്ള മനസും ശരീരവും | ☞ യോഗാ പരിശീലനം<br>☞ ലഹരി ബോധവൽക്കരണ ക്ലാസ്<br>☞ ഫുട്ബോൾ, ബാഡ്മിന്റൺ പരിശീലനം | ദീർഘകാലം<br>ഹ്രസ്വകാലം<br>ദീർഘകാലം | അദ്ധ്യാപകർ | പി. റ്റി. എ. ഫണ്ട് |
| **കലാപഠനം** | ചെണ്ട<br>ബാന്റ് സെറ്റ്<br>നൃത്ത പരിശീലനം | ♦ കലാഭിരുചി പ്രോത്സാഹനം<br>♦ ആത്മ വിശ്വാസം വർദ്ധിപ്പിക്കൽ<br>♦ സമയം ഫ്രലപ്രദമായി വിനിയോഗിക്കാൻ | ☞ ബാന്റ് സെറ്റ് പരിശീലനം<br>☞ നൃത്ത പരിശീലനം<br>☞ കലാപരിപാടികൾ | ദീർഘകാലം<br>ഹ്രസ്വകാലം | HM<br>S. R. G. | |
| **ശലഭോദ്യാനം** | ✵ പരിസ്ഥിതി സംരക്ഷണം | ♦ പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെആവശ്യകത ബോധ്യപ്പെടുത്തൽ<br>♦ സ്ക്കൂൾ സൗന്ദര്യവത്കരണം | ☞ പരിസരം വൃത്തിയാക്കൽ<br>☞ ചെടിച്ചട്ടി വാങ്ങൽ<br>☞ പൂന്തോട്ട നിർമാണം<br>☞ ശലഭ പൂന്തോട്ടം | ദീർഘകാലം<br>ഹ്രസ്വകാലം | HM<br>S. R. G. | |

# പദ്ധതി രൂപീകരണ പ്രക്രിയ

## ഭൗതികം

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഡിജിറ്റൽ പഠനം | **Cyber Shield** | Digital activities aganist drugs | Documentry, Vidieos, Short film, Poster Making | ആഴ്ചയിൽ ഒന്ന് | | |
| | സ്മാർട്ട് ക്ലാസ് റൂം<br>കമ്പ്യൂട്ടർ ലാബ് മെച്ചപ്പെടുത്തൽ | ICT സാദ്ധ്യത ഉപയോഗിച്ച് പഠന നിലവാരംഉയർത്തുക | പ്രോജക്ടർ, ലാപ്ടോപ്പ് ഉപയോഗിച്ചുള്ള പഠനം<br>കുട്ടികൾ സ്വന്തമായി ഉപയോഗിക്കാൻ പരിശീലിക്കുന്നു | ദീർഘകാലം<br>ഹ്രസ്വകാലം | S. R. G.<br>P. T. A. | |
| ലൈബ്രറി | മികച്ച ലൈബ്രറി | വായനാ ശീലം വളർത്തുക<br>ഭാഷാ നൈപുണ്യം | മുറി കേന്ദ്രീകരണം<br>ജന്മദിന പുസ്തക ശേഖരണം | ഹ്രസ്വകാലം | S. R. G.<br>P. T. A. | |
| സയൻസ് ലാബ് | മികവുറ്റ സയൻസ് ലാബ് | ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുക<br>ആശയങ്ങൾ ഉറപ്പിക്കുക | ലാബ് സാമിഗ്രികളുടെ പ്രദർശനം<br>അവയുടെ ഉപയോഗം | ഹ്രസ്വകാലം | S. R. G. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം - മേഖല : മലയാളം

## ചിറകില്ലാതെ പറക്കാം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ■ **അരുത് ലഹരി** | ❖ **തെരുവുനാടകം**<br>ലഹരിക്കെതിരെ ബോധവൽക്കരണം | | | | |
| ■**ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്തി പദസമ്പത്ത് വളർത്തുവാനും പ്രാപ്തരാക്കുക** | ❖**ഭാഷാകേളി** : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്നവരികൾ ഉച്ചരിച്ച്അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | എല്ലാ ദിവസവും | അനുറോസ് | | |
| | ❖വാക്കുകളിൽനിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ആഴ്ചകൾ തോറും | അനുറോസ് | | |
| ■ **പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുക** | ❖വാർത്താലോകത്തേക്ക് പത്രം,ആഴ്ചപതിപ്പുകൾ, മാസികകൾ എന്നിവ പഠിതാക്കൾ വായിച്ച് ഉച്ചാരണ ശുദ്ധിവരുത്തുന്നു | എല്ലാ ദിവസവും | ശരത്ത് | | |
| ■ **സാഹിത്യ കൃതികളോടും സാഹിത്യ കാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക** | ❖സംവാദം/മുഖാമുഖം എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ സംഘടിപ്പിക്കുക | വർഷാവസാനം | അനുറോസ് | | |
| ■ **പഠിതാവക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ** | ❖പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആഴ്ചകൾ തോറും | ശരത്ത് | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം – മേഖല : ENGLISH

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ✧ **Alert zone** | ✸Making posters, notices and sign board | | | | |
| ✧ **Defective pronouncation** | ✸ ICT Facilities<br>✸ Readers Theatre<br>✸ Video Clippings<br>✸ Language lab | 2025-26<br>Every year | Dr. Soumya Premkumar | | |
| ✧**Lack of Communicationb Skill** | ✸Conducting English fest<br>✸Language lab<br>✸Theater workshop<br>✸English Assembly<br>✸Dramatisation of stories | 2025-26<br>Every year | Dr. Soumya Premkumar | | |
| ✧**Addressing showpace learners** | ✸Special coaching classese for slow pace learners<br>✸Conducting action reseach on slow pace learners | 2025-26<br>Every year | Dr. Soumya Premkumar | | |
| ✧**Insufficent Vocabulary** | ✸Word games<br>✸Spelling contests<br>✸Making cross word puzzles<br>✸Dictionary making using the words of the text book | 2025-26<br>Every year | Dr. Soumya Premkumar | | |
| ✧**Illegible hand writing** | ✸Peer group learning<br>✸English pen friends<br>✸English diary | 2025-26<br>Every year | Dr. Soumya Premkumar | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

# വിഷയം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം - മേഖല : ഹിന്ദി

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ¤ **Against Drugs ജാഗ്രുത അഭിയാൻ** | ലഹരിക്കെതിരെ ഫ്ളാഷ് മോബ് | | | |
| 2 | ¤ UP **തലത്തിൽ എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കാൻ** | 1. അക്ഷരം എഴുത്ത്<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ്<br>4. ക്ലാസിൽ അക്ഷരമാല പ്രദർശനം<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷരചാർട്ട് പാഠപുസ്തകം | BRC DIET Resource Teachers |
| 3 | ¤ **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതും) ആ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക** | 1.വീട്ടിൽ ഉപയോഗിക്കുന്നഗൃഹോപകരണങ്ങൾഉൾപ്പടെ യുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാ ക്കുക<br>2. ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും ഹിന്ദിയിൽ പരിശീല ക്കാനും അവസരം | September to October | ഹിന്ദി നിഘണ്ടു | PTA DIET Resource Teachers |
| 4 | ¤ **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരലി ഹിന്ദി)** | 1. ഹിന്ദി അസംബ്ലി<br>2. ദിനാചരണങ്ങൾ<br>3. ക്ലാസ് ലൈബ്രറി<br>4. അധിക വായന സാമിഗ്രികൾ<br>5 ചിത്രത്തിന്റെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>6. കഥബാക്കി എഴുതൽ<br>7. വായനമൂല<br>8. ഹിന്ദി ക്ലബ്ബ് | November to February | പുസ്തകങ്ങൾ | BRC DIET PTA SCERT |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം - മേഖല : അടിസ്ഥാന ശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ❋ **5, 6, 7 ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക** | ◻ 5, 6, 7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുക<br>◻ നിരന്തരം മൂല്യ നിർണ്ണയ ട്യൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ | 2025 ആദ്യപാദം<br>എല്ലാ വർഷവും തുടരുക<br>എല്ലാ വർഷവും തുടരുക | ഡോ. സൗമ്യ പ്രേംകുമാർ | | |
| ❋ **ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ കുറവ്** | ◻ സ്ക്കൂൾ ശാസ്ത്ര ലൈബ്രറി<br>◻ ശാസ്ത്ര നാടകങ്ങൾ<br>◻ പരീക്ഷണകളരികൾ | 2025 - 26<br>എല്ലാ വർഷവും തുടരുക | ഡോ. സൗമ്യ പ്രേംകുമാർ | | |
| ❋ **ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക** | ◻ ഐ. സി. ടി. വിവരങ്ങൾ തയ്യാറാക്കൽ<br>◻ ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br>◻ മൊബൈൽ ആപ്ലിക്കേഷൻസ് നിർമാണം | 2025 - 26<br>എല്ലാ വർഷവും തുടരുക | ഡോ. സൗമ്യ പ്രേംകുമാർ | | |
| ❋ **കുട്ടികളിൽ ശാസ്ത്രീയ മനോഭാവം കുറയുന്നു** | ◻ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക<br>◻ ശാസ്ത്ര സന്ധ്യകൾ സംഘടിപ്പിക്കുക | 2025 - 26<br>എല്ലാ വർഷവും തുടരുക | ഡോ. സൗമ്യ പ്രേംകുമാർ | | |
| ❋ **സ്ക്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ** | ◻ ചുമർചിത്രങ്ങൾ വരയ്ക്കുക<br>◻ ഔട്ട്ഡോർ സയൻസ് പാർക്ക് നിർമ്മാണം<br>◻ എല്ലാ ക്ലാസുകളിലും വിസ്മയ ചുമർ നിർമ്മിക്കുന്നു | 2025 - 26<br>എല്ലാ വർഷവും തുടരുക | ഡോ. സൗമ്യ പ്രേംകുമാർ | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം - മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ◆ **ലഹരിക്കെതിരെ ലഘുലേഖ തയ്യാറാക്കൽ** | ⌘Calculate your future - ലഹരി ഉപയോഗത്തിന്റെ കണക്കും ദൂഷ്യവശങ്ങളും ഉൾപ്പെടുത്തി ലഘുലേഖ വിതരണം | | | | |
| ◆ **അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക** | ⌘ **ഗണിതം മധുരം** : കളിരീതിയിലും നിരന്തര പരിശീലന ത്തിലൂടെയും അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾനൽകുന്നു, നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഗണിതപാട്ട് | ജൂൺ മുതൽ തുടരുന്നു | അനുറോസ് ജോസഫ് | | |
| ◆ **ഗണിത താൽപര്യം വർദ്ധിപ്പിക്കുക** | ⌘ **ഗണിത പാർക്ക്**: ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ ഒരേക്ലാസിൽ ഗണിത പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | അനുറോസ് ജോസഫ് | | |
| ◆ **ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാദ്ധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.** | ⌘ **ഐ. ടി. സാദ്ധ്യതകളിലൂടെ** :ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർ ത്തനങ്ങൾ ഐ. ടി. സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി എളുപ്പത്തിൽ കുട്ടികളിൽ എത്തിക്കാൻ കഴിയുന്നു | മാസത്തിൽ ഒന്നു വീതം എല്ലാ വർഷവും | അനുറോസ് ജോസഫ് | | |
| ◆ **ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു** | ⌘ **ഗണിത ക്ലിനിക്ക്** :ഗണിത ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അദ്ധ്യാപികയും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ആഴ്ച യിലൊരിക്കൽ ആവശ്യമായ പ്രവർത്തനം നൽകുന്നു | ആഴ്ചയിൽ ഒന്ന് | അനുറോസ് ജോസഫ് | | |
| ◆ **വിവിധ ശേഷികളുടെ വികസനം** | ⌘ ദിനാചരണങ്ങൾ വേണ്ടവിധം നടത്തുന്നു. | ആവശ്യാനു സരണം | അനുറോസ് ജോസഫ് | | |

## മോണിട്ടറിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വാർഷിക കലണ്ടർ തയ്യാറാക്കി ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കുന്നു. വാർഷിക കലണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ചേർത്ത് പ്രതിമാസ കലണ്ടർ രൂപപ്പെടുത്തുന്നു.

വിദ്യാലയ വികസന സമിതി പ്രതിമാസം യോഗം ചേർന്ന് ആ മാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തണം. ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന നേട്ടങ്ങളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കണം.എസ്. ആർ. ജി., പി. റ്റി. എ. വിഷയ സമിതികൾ വിദ്യാലയ വികസനത്തിന് പ്രഥമ പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## ഉപസംഹാരം

അടുത്ത അഞ്ചു വർഷത്തേയ്ക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തിരഞ്ഞെടുത്ത് സൂക്ഷമതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണ്ടിവരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് വഴങ്ങുന്നതാകണം ഈ പദ്ധതികൾ.

വിദ്യാലയ വികസന പദ്ധതി ഓരോ വർഷവും അദ്ധ്യയനം മികവുറ്റതാക്കാൻ സഹായിക്കുന്നു. സ്ക്കൂളിന്റെ വളർച്ചക്ക് ഇത് സഹായകരമാകുന്നു. തലവടി പഞ്ചായത്തിലെ മികച്ച സ്ക്കൂളായി നമ്മുടെ സ്ക്കൂൾ ജൈത്രയാത്ര തുടരുന്നു. 55 കുട്ടികളും 4 അദ്ധ്യാപകരും അനദ്ധ്യാപകനുമുൾപ്പെടുന്ന നമ്മുടെ സ്ക്കൂൾ കുടുംബം മറ്റു സ്ക്കൂളുകൾക്ക് മാതൃകയാണ്. ഭാഷാ വിഷയങ്ങളിലും, ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര വിഷയങ്ങളിലും കമ്പ്യൂട്ടർ അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യയിലും ജീവിതത്തിലും മികവുള്ള വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്താൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാം.